**കേരള സംഗീത നാടക അക്കാദമി**
**KERALA SANGEETHA NATAKA AKADEMI**
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# പത്രക്കുറിപ്പ്

കേരളഗവൺമെന്റിന്റെ സാംസ്കാരികവകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് സംഗീതനാടക അക്കാദമി കേരളത്തിലെ കലാകാരൻമാരെ സംബന്ധിച്ചുള്ള സമഗ്രമായ വിവരശേഖരണം നടത്തുന്നു. സംഗീതനാടക അക്കാദമിയുടെ പ്രവർത്തനപരിധിയിൽ വരുന്ന കലാസാഹിത്യ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളുടേയും വിവരങ്ങളാണ് ശേഖരിച്ച് സൂക്ഷിക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ സാംസ്കാരിക മേഖലയെ പുരോഗമനപരവും സർഗ്ഗാത്മകവുമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ അറിയപ്പെടുന്നതും അല്ലാത്തതുമായ അനേകായിരം കലാസാഹിത്യ പ്രതിഭകളുടെ അശ്രാന്തമായ പരിശ്രമമുണ്ട്. അവരെ കുറിച്ചുള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പുതുക്കി സൂക്ഷിക്കേണ്ടത് ചരിത്രപരമായ ഉത്തരവാദിത്തമായി സാംസ്കാരിക വകുപ്പ് കാണുന്നു. കലാകാരൻമാരെ കുറിച്ചുള്ള വിവരങ്ങൾ അക്കാദമി സ്വന്തം നിലയിൽ ശേഖരിക്കുന്നതിനോടൊപ്പം ആ പ്രവർത്തനം കൂടുതൽ ഫലപ്രദമാകാൻ ബഹുജനങ്ങളുടേയും കലാസാംസ്കാരിക പ്രവർത്തകരുടേയും സഹകരണം അക്കാദമി അഭ്യർഥിക്കുന്നു.

കേരളത്തിലെ എല്ലാ ജില്ലകളിലും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ എന്നാൽ വളരെ സജീവമായി പ്രവർത്തിക്കുന്ന നിരവധി കലാപ്രവർത്തകരുണ്ട്. അത്തരം വിവരങ്ങൾ അക്കാദമിയെ അറിയിക്കാൻ കലാസ്നേഹികൾ തയ്യാറാകണം. പേരു വിവരങ്ങൾ, പ്രവർത്തിക്കുന്ന മേഖല, പ്രവർത്തിപരിചയം, കലാപ്രവർത്തനങ്ങൾക്കു കിട്ടിയ അംഗീകാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ അക്കാദമിയെ അറിയിച്ച് ഈ മഹത്തായ പ്രവർത്തനം കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് അക്കാദമി സെക്രട്ടറി എൻ. രാധാകൃഷ്ണൻ നായർ പത്രക്കുറിപ്പിലൂടെ അറിയിച്ചു. ksnakademi@gmail.com എന്ന ഇ മെയിൽ വിലാസം വഴിയോ; കേരള സംഗീത നാടക അക്കാദമി, ചെമ്പൂക്കാവ്, തൃശൂർ 680020 എന്ന അഡ്രസ്സിൽ തപാൽ മുഖേനയോ അക്കാദമി ഓഫീസിൽ നേരിട്ടോ വിവരങ്ങൾ നൽകാവുന്നതാണ്.

എൻ. രാധാകൃഷ്ണൻ നായർ
സെക്രട്ടറി

09/03/2020
തൃശൂർ